# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 03-02-2020 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 350

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ കരാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ്ജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണക്കമ്പനിക്ക് കരാർ കാലാവധി നീട്ടിനൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) കരാർ കാലാവധി നീട്ടി നൽകിയിട്ടില്ല. പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടത് ഡിസംബർ 3, 2019-ന് ആയിരുന്നെങ്കിലും, കരാർ പ്രകാരം 270 ദിവസങ്ങൾകൂടി (ക്യൂർ പിരിയഡ്) നിർമ്മാണം പൂർത്തികരിക്കുന്നതിനായി അദാനി കമ്പനിക്ക് ലഭിക്കുന്നതാണ്. ടി കാലയളവ് പ്രയോജനപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദാനി കമ്പനിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ബി) നിശ്ചിത കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ കരാർ പ്രകാരം സംസ്ഥാന സർക്കാരിന് നഷ്ടപരിഹാരം ഈടാക്കുവാൻ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ ;<br><br>(സി) എങ്കിൽ ഈ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വിശദമാക്കുമോ; | (ബി) യും (സി) യും കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്. പൂർത്തീകരിക്കേണ്ട തീയതിയിൽ നിന്നും 90 ദിവസങ്ങൾക്ക് ശേഷം Performance Security തുകയുടെ 0.1 % എന്ന നിരക്കിൽ കരാർ കമ്പനിയിൽ നിന്നും ദിവസേന പിഴ ഈടാക്കാനുള്ള വ്യവസ്ഥയാണുള്ളത്. |
| (ഡി) നിർമ്മാണ കാലാവധി നീട്ടുന്നതു-മായി ബന്ധപ്പെട്ട് പ്രസ്തുത കമ്പനിയുമായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) നിർമ്മാണ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് കരാർ കമ്പനിയുമായി സർക്കാർ ചർച്ചകൾ നടത്തിയിട്ടില്ല. കരാർ പ്രകാരം അനുവദനീയമായ നിർമ്മാണ കാലാവധി സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചാണ് നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. |

Sheeba

**സെക്ഷൻ ഓഫീസർ**